
# കെ. സി. മാമ്മൻ മാപ്പിള

## ഒരു ക്രാന്തദർശിയുടെ ജീവിതം





**ഓർമ്മപ്പൂക്കൾ**

കെ.സി. മാമ്മൻ മാപ്പിളയും
പത്നി മാമ്മിയും



# കെ.സി. മാമ്മൻ മാപ്പിള




പ്ര പ്രബുദ്ധ കേരളത്തിന്റെ വികാസ പരിണാമങ്ങളിൽ നിർണായക സ്വാധീനം ചെലുത്തിയ വ്യക്തിയാണു കെ.സി. മാമ്മൻ മാപ്പിള.

മഹാനായ പത്രാധിപർ, വ്യവസായ കർമയോഗി, സാമുഹിക - രാഷ്ട്രീയ - സാമ്പത്തിക ചിന്തകൻ, സംഘാടകൻ, കാർഷിക മേഖലയ്ക്കു പുരോഗതിയുടെ പാത വെട്ടിത്തുറന്ന നേതാവ് എന്നിങ്ങനെയുള്ള മായാത്ത കയ്യൊപ്പുകൾ അദ്ദേഹം വിവിധ രംഗങ്ങളിൽ ചാർത്തി.

മലയാള മനോരമ സ്ഥാപകൻ കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ ജ്യേഷ്ഠസഹോദരൻ ചെറിയാൻ മാപ്പിളയുടെ പ്രഥമപുത്രനായി 1873 മേയ് നാലിനു കെ.സി. മാമ്മൻ മാപ്പിള ജനിച്ചു. മെട്രിക്കുലേഷൻ പാസായശേഷം തിരുവനന്തപുരത്തു കോളജിൽ ചേർന്നുവെങ്കിലും പഠനം മദ്രാസിലേക്കു മാറി ക്രിസ്ത്യൻ കോളജിൽനിന്നു പ്രശസ്തമായ നിലയിൽ ബിഎ ബിരുദം. അക്കാലത്തെ പതിവനുസരിച്ചു 15-ാം വയസ്സിൽ തന്നെ മാമ്മൻ മാപ്പിള വിവാഹിതനായി. നിരണം മോടിശേരിൽ കുടുംബാംഗമായിരുന്ന പത്നി മാമ്മിക്ക് അന്നു പത്തു വയസ്സായിരുന്നു.


മനോരമ സ്ഥാപക പത്രാധിപരായ വറുഗീസ് മാപ്പിള യശസ്സിന്റെ പാരമ്യത്തിൽ 1904ൽ ദിവംഗതനായതോടെ പത്രാധിപത്യവും പത്രത്തിന്റെ മുഴുവൻ ഉത്തരവാദിത്തവും മാമ്മൻ മാപ്പിളയിൽ വന്നുചേർന്നു. സാമാന്യജനങ്ങൾക്കു ലോകവിജ്ഞാനവും സാമൂഹികബോധവും നൽകാനാവുന്നവിധം വാർത്തകൾ സംഭരിച്ചുനൽകുകയാണു പത്രങ്ങളുടെ പ്രധാന കടമയെന്നു വിശ്വസിച്ച മാമ്മൻ മാപ്പിള, മനോരമയുടെ നയത്തിലും പ്രവർത്തനശൈലിയിലും അതനുസരിച്ചു മാറ്റങ്ങൾ വരുത്തി.



കേരളത്തിന്റെ സാമൂഹിക - സാംസ്കാരിക - സാമ്പത്തിക രംഗങ്ങളിൽ അദ്ദേഹം വഹിച്ച പങ്ക് നേതൃത്വപരമായിരുന്നു. തിരുവിതാംകൂറിൽ ഉത്തരവാദഭരണം സ്ഥാപിക്കാൻ പോരാടിയവരുടെ ആവേശ സ്രോതസ്സുകളിലൊന്നു മാമ്മൻ മാപ്പിളയായിരുന്നു. തന്റെ സ്വേച്ഛാഭരണത്തിനെതിരെ ജനങ്ങളെ അണിനിരത്താൻ മലയാള മനോരമയും മാമ്മൻ മാപ്പിളയും നടത്തുന്ന ശ്രമങ്ങൾ ദിവാൻ സി.പി. രാമസ്വാമി അയ്യരെ ക്രുദ്ധനാക്കി. മാമ്മൻ മാപ്പിളയുടെ നേതൃത്വത്തിലുള്ള നാഷണൽ ക്വയിലോൺ ബാങ്കിനെതിരെ സി.പി. കുതന്ത്രങ്ങൾക്കു രൂപംനൽകുകയും ബാങ്കിന്റെ പ്രവർത്തനം അസാധ്യമാക്കിത്തീർക്കുകയും ചെയ്തു. മാമ്മൻ മാപ്പിളയെയും സഹപ്രവർത്തകരെയും അറസ്റ്റ് ചെയ്തു. മനോരമ ഓഫിസ് 1938 സെപ്റ്റംബർ 10നു പൊലീസ് വളഞ്ഞു പൂട്ടി മുദ്രവച്ചു. 10 വർഷത്തോളം ബന്ധനത്തിൽ കിടന്ന മനോരമ ഇന്ത്യ സ്വതന്ത്രയായശേഷമാണ് 1947 നവംബർ 29നു പുനഃപ്രസിദ്ധീകരണമാരംഭിച്ചത്.

കേരളത്തിന്റെ സാമൂഹികമായ വികസനം, സാമ്പത്തികാസൂത്രണം, പ്ലാന്റേഷനുകളുടെ വളർച്ച, ഇടുക്കിയുൾപ്പെടെ വൻപദ്ധതികൾ, സമുദായങ്ങളുടെ പുരോഗതി, വിദ്യാഭ്യാസം എന്നിവയ്ക്കെല്ലാം സ്വന്തം നിലയ്ക്കും പത്രംവഴിയും നേതൃത്വം നൽകി മലയാള മനോരമയെ ഐശ്വര്യത്തിന്റെയും സ്വാധീനത്തിന്റെയും പാരമ്യത്തിലെത്തിച്ചാണ് 1954 ജനുവരിയുടെ അരുണോദയവേളയിൽ മാമ്മൻ മാപ്പിള ദിവംഗതനായത്.

മക്കൾ: കെ. എം. ചെറിയാൻ, കെ. എം. ഉമ്മൻ, കെ.എം. ഈപ്പൻ, കെ.എം. വർഗീസ് മാപ്പിള, കെ.എം. ജേക്കബ്, കെ.എം. ഫിലിപ്പ്, മറിയം, കെ.എം. മാത്യു, കെ.എം. മാമ്മൻ മാപ്പിള.




സഭയുടെ നിർണായക പോരാട്ടങ്ങളിലും പ്രതിസന്ധികളിലും മുന്നണിയിൽ നിന്ന ധീരപോരാളി ആയിരുന്നു കെ.സി. മാമ്മൻ മാപ്പിള

# സഭയുടെ മുന്നണിപ്പോരാളി

പരിശുദ്ധ ബസേലിയോസ്
മാർത്തോമ്മാ പൗലോസ് ദ്വിതീയൻ
കാതോലിക്കാ ബാവാ

മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിനും നിലനിൽപിനും വേണ്ടി പോരാടിയ സഭാപിതാക്കൻമാരോടു ചേർന്നുനിന്ന് അവർക്കു പരിപൂർണ പിന്തുണയും സഹായങ്ങളും നൽകിയ കെ.സി. മാമ്മൻ മാപ്പിളയെ സഭയ്ക്ക് ഒരുകാലത്തും മറക്കാൻ കഴിയുകയില്ല. സഭയുടെ നിർണായക പോരാട്ടങ്ങളിലും പ്രതിസന്ധികളിലും മുന്നണിയിൽ നിന്ന ധീരപോരാളിയായിരുന്നു അദ്ദേഹം.



സ്വന്തം ജീവിതം സഭാപ്രവർത്തനത്തിന് ഉഴിഞ്ഞുവച്ച അദ്ദേഹം മലങ്കര സഭയുടെ വളർച്ചയാണ് എന്നും സ്വപ്നം കണ്ടിരുന്നത്. അതിനായി പല പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പാക്കുകയും ചെയ്തു.

കക്ഷിവഴക്ക് നടക്കുമ്പോൾ മനോരമയുടെ പംക്തികൾ സഭയ്ക്കുവേണ്ടി നീക്കിവച്ച മാമ്മൻ മാപ്പിള, പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയെ പാത്രിയർക്കീസ് ബാവാ മുടക്കിയപ്പോൾ വട്ടശ്ശേരിൽ തിരുമേനിക്കൊപ്പം ഉറച്ചുനിന്ന് മുടക്കിനെതിരെ മുഖപ്രസംഗങ്ങൾ എഴുതി. ഇപ്പോൾ സഭാ ആസ്ഥാനമായി പ്രവർത്തിക്കുന്ന ദേവലോകം വാങ്ങുന്നതിനു മുന്നിട്ടിറങ്ങി, വൻതുക കുറഞ്ഞ ദിവസങ്ങൾകൊണ്ട് പിരിച്ചെടുത്ത് സ്വാധീനം തെളിയിക്കുകയും ചെയ്തു.

തന്റെ ബുദ്ധിയും സമ്പത്തും ആരോഗ്യവും സഭയ്ക്കു വേണ്ടി നീക്കിവച്ച അപൂർവ വ്യക്തിത്വമാണ് മാമ്മൻ മാപ്പിള. അതുകൊണ്ടുതന്നെ, സഭയ്ക്ക് താങ്ങും തണലുമായി നിന്ന അൽമായ പ്രമുഖരെ സ്മരിക്കുമ്പോൾ കെ.സി. മാമ്മൻ മാപ്പിള പ്രഥമസ്ഥാനത്തു നിൽക്കുന്നു.

ജീവിതത്തിന്റെ വിവിധ മേഖലകളിൽ കടന്നുചെല്ലാനും അവിടെയൊക്കെ വിജയം വരിക്കാനും കഴിഞ്ഞ ബഹുമുഖ പ്രതിഭയായിരുന്നു അദ്ദേഹം.

# മലങ്കരസഭയ്ക്കായ് ഉഴിഞ്ഞുവച്ച ജീവിതം



മധ്യതിരുവിതാംകൂറിലെ ഉറച്ച ഓർത്തഡോക്സ് സുറിയാനി കുടുംബത്തിൽ ജനിച്ച കെ.സി. മാമ്മൻ മാപ്പിളയ്ക്കു സഭാസ്നേഹം ജന്മസിദ്ധമായ വികാരം തന്നെയായിരുന്നു.

മെത്രാൻകക്ഷിയെ എങ്ങനെയെങ്കിലും നേരെ നിർത്തണമെന്നായിരുന്നു എന്റെ അഭിനിവേശലക്ഷ്യം. അതിനാൽ സമുദായത്തിനുവേണ്ടി ഞാൻ മറ്റു സകലതും മറന്ന് തല കീഴായി ചാടുകയാണ് ചെയ്തത്. (ജീവിതസ്മരണകൾ, പേജ് 84). സഭാവഴക്കു തുടങ്ങിയതോടെ മനോരമയുടെ പംക്തികൾ ഈ വിഷയങ്ങളെ പരാമർശിച്ചുള്ള ദീർഘ ലേഖനങ്ങൾക്കായി ഉപയോഗിച്ചു.

ജില്ലാക്കോടതിയിൽ ജയിച്ച വട്ടിപ്പണക്കേസ് 1923ൽ വീരരാഘവ അയ്യങ്കാർ അടങ്ങുന്ന തിരുവിതാംകൂർ ഹൈക്കോടതിയിലെ ഫുൾ ബഞ്ച് അസ്ഥിരപ്പെടുത്തി വിധിച്ചു. ഈ വിധിയെ പരുഷമായി വിമർശിച്ചു കോണ്ട് മാമ്മൻ മാപ്പിള എഴുതിയ മുഖപ്രസംഗം സഭയ്ക്ക് മൃതസഞ്ജീവനിയുടെ ഫലം ചെയ്തു.

1911ൽ മലങ്കര മെത്രാപ്പോലീത്ത വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയെ പരിശുദ്ധ അബ്ദള്ളാ പാത്രിയർക്കീസ് മുടക്കിയപ്പോൾ മെത്രാപ്പോലീത്തയോടൊപ്പം മാമ്മൻ മാപ്പിള ഉറച്ചു നിന്നു. മുടക്കിനെതിരെ മുഖപ്രസംഗങ്ങൾ എഴുതി.

1912ൽ മുറിമറ്റത്തിൽ പൗലോസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്തയെ പൗരസ്ത്യ കാതോലിക്കാ ആയി ഉയർത്താൻ സഭാ മാനേജിങ് കമ്മിറ്റിയംഗങ്ങളും മറ്റു നേതാക്കളും അബ്ദേദ് മശിഹാ പാത്രിയർക്കീസിനോട് അഭ്യർഥിച്ചു. എന്നാൽ മാർ ഇവാനിയോസ് ആദ്യം വിസമ്മതം പ്രകടിപ്പിച്ചു. കെ.സി. മാമ്മൻ മാപ്പിള, ഫാ. പി.ടി. ഗീവർഗീസുമായി (പിന്നീട് ആർച്ച്ബിഷപ് മാർ ഇവാനിയോസ്) ചേർന്ന് നിർബന്ധിച്ചപ്പോൾ മാത്രമാണ് അദ്ദേഹം വഴങ്ങിയത്. ഇതേപ്പറ്റി പി.സി. മാത്യു പുലിക്കോട്ടിൽ രചിച്ച കെ.സി. മാമ്മൻ മാപ്പിളയുടെ ജീവിത ദർശനം എന്ന പുസ്തകത്തിൽ പറയുന്നത് ഇപ്രകാരമാണ്: ...മാമ്മൻ മാപ്പിള ഫാ. പി.ടി. ഗീവർഗീസിനെയും കൂട്ടി മ ണ്ണത്തൂർ പള്ളിയിൽ പോയി മാർ ഇവാനിയോസ് തിരു മേനിയെ കണ്ട് കാതോലിക്കാസ്ഥാനം തീർച്ചയായും സ്വീകരിക്കണമെന്ന് അപേക്ഷിച്ചു. ...മാമ്മൻ മാപ്പിളയുടെ വാക്കു കേട്ടാണ് അദ്ദേഹം കാതോലിക്കാസ്ഥാനം ഏൽക്കാൻ ധൈര്യപൂർവം പുറപ്പെട്ടതെന്ന് അക്കാലത്തെ സ്ഥിതിഗതികൾ അറിയുന്നവർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതോടെയാണ് മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപനത്തിനു വഴിയൊരുങ്ങിയത്.

മലങ്കര സഭാ സംരക്ഷകസംഘം രൂപീകരിച്ച് അതിന്റെ ആഭിമുഖ്യത്തിൽ സംരക്ഷകൻ എന്ന പ്രസിദ്ധീകരണം ആരംഭിക്കുന്നതിനു ചുക്കാൻ പിടിച്ചത് മാമ്മൻ



ദേവലോകത്തെ ആദ്യത്തെ അരമന

മാപ്പിള തന്നെ. ജാത്യാഭിമാനി എന്ന ലഘുലേഖയുടെ ഉപജ്ഞാതാവും അദ്ദേഹമായിരുന്നു.

സമുദായക്കേസ് ഹൈക്കോടതിയിൽ തോറ്റ അവസരത്തിലും (1951) വിശ്വാസികൾക്ക് ആത്മവിശ്വാസം വളർത്തുന്ന വിധത്തിലുള്ള ലേഖനങ്ങൾ അദ്ദേഹം മനോരമയിൽ എഴുതി. ഈ അവസരത്തിൽ സഭയുടെ ആസ്ഥാനമായ പഴയ സെമിനാരിയിൽനിന്ന് കാതോലിക്കാ ബാവാ താമസം മാറ്റേണ്ടിവരുമെ

ന്നു കരുതി ദേവലോകത്ത് പുതിയ ആസ്ഥാനം വാങ്ങുന്നതിനു മുൻകൈയെടുത്തത് മാമ്മൻ മാപ്പിളയാ

യിരുന്നു. അറുപതാണ്ടുകൾക്കുമുമ്പ്, മൂന്നു ദിവസം കൊണ്ട് ഒന്നര ലക്ഷം രൂപ പിരിച്ചെടുക്കാനുള്ള അസാമാന്യ വൈഭവം കാണിച്ചു.

പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് സ്ഥാപിക്കുന്നതിലും മാമ്മൻ മാപ്പിള നിർണായക പങ്കു വഹിച്ചു. 1952 ഓഗസ്റ്റ് രണ്ടിന് കോളജ് ഉദ്ഘാടനം ചെയ്തെങ്കിലും അതിന്റെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ മാമ്മൻ മാപ്പിളയും ഇ. ജോൺ ഫിലിപ്പോസും ചേർന്ന് പണപ്പിരിവു നടത്തി. സഭ വകയായി ഒരു കോളജ് എന്നുള്ളത് മാമ്മൻ മാപ്പിളയുടെ ചിരകാല സ്വപ്നമായിരുന്നു. 1901ൽ കോട്ടയം എംഡി സെമിനാരി സ്കൂളിനെ കോളജ് ആക്കി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തിൽ ഒരു ഷോടതി (ലോട്ടറി) നടത്തി നല്ല ഒരു തുക സമാഹരിച്ചെങ്കിലും ചിലരുടെ നിലപാടുമാറ്റം മൂലമാണ് അതു നടക്കാതെ പോയത്. പിന്നീട് ആ തുക എംഡി സെമിനാരിയുടെ പുരോഗതിക്കുവേണ്ടി വിനിയോഗിക്കുകയായിരുന്നു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയും മലയാള മനോരമയും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനി പഴയ ഏലിയാ ചാപ്പലിനോട് അനുബന്ധിച്ചുണ്ടായിരുന്ന ബംഗ്ലാവ് മനോരമ കമ്പനിയുടെ പ്രവർത്തനത്തിന് സ്ഥാപകനായ വറുഗീസ് മാപ്പിളയ്ക്കു വിട്ടുകൊടുക്കുകയായിരുന്നു. വറുഗീസ് മാപ്പിള ആദ്യം അച്ചടി ശാലയും താമസസ്ഥലവുമായി ഉപയോഗിച്ചിരുന്നത് ഈ കെട്ടിടമാണ്.



കെ.സി. മാമ്മൻ മാപ്പിള
കോട്ടയം എം.ഡി. സെമിനാരി സ്കൂൾ ഹെഡ് മാസ്റ്ററായിരുന്നപ്പോൾ.

ദേവലോകം അരമന മാനേജരും പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സെക്രട്ടറിയുമായിരുന്ന ഫാ. ടി.ജി. സഖറിയ മലങ്കര സഭാദീപം ദ്വൈവാരികയിൽ പ്രസിദ്ധീകരിച്ച കത്തിൽനിന്ന്: കുറച്ചുകാലം കഴിഞ്ഞപ്പോൾ കൂടുതൽ സൗകര്യത്തിനു വേണ്ടി അടുത്ത പറമ്പിലേക്കു മാറ്റി സ്ഥാപിക്കാൻ തിരുമേനി നിർദേശിക്കുകയുണ്ടായി. ആ ഉപദേശം സ്വീകരിച്ചാണു മനോരമ ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തു പ്രവർത്തനം ആരംഭിച്ചത്.......പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി നൽകിയ സ്ഥലത്തു പ്രസും കെട്ടിടവും സ്ഥാപിക്കാൻ പതിനായിരം രൂപ മുടക്കിയ കണ്ടത്തിൽ വറുഗീസ് മാപ്പിളയ്ക്ക് ആ ഒന്നര ഏക്കർ സ്ഥലം അന്നത്തെ മതിപ്പുവില അനുസരിച്ച് സ്വന്തമാക്കാൻ നൂറോ നൂറ്റിയിരുപത്തഞ്ചോ രൂപ കൂടി മുടക്കാൻ ഒരു പ്രയാസവും ഉണ്ടാകുമായിരുന്നില്ല. അല്ലെങ്കിൽ ഇതിനടുത്ത് ഇഷ്ടമുള്ള ഏതു സ്ഥലവും അത്രയും രൂപയ്ക്കു വാങ്ങാമായിരുന്നു. അതിനു പകരം സഭാസ്നേഹിയായ കണ്ടത്തിൽ വറുഗീസ് മാപ്പിള തന്റെ സഭയ്ക്ക് ഒരു സ്ഥിരവരുമാനമെന്ന നിലയ്ക്ക് അന്നു ഭീമമായ തുക (24 രൂപ) പാട്ടമായി പ്രതിവർഷം നൽകുകയായിരുന്നു ചെയ്തത്....

ഇനി 1962ൽ നടന്ന തീറാധാരത്തെപ്പറ്റി പരിശോധിക്കാം. അന്നത്തെ കാതോലിക്കാ ബാവായായിരുന്ന ഗീവർഗീസ് ദ്വിതീയൻ തിരുമേനിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന എന്റെ ഓർമയിൽ ആ സംഭവങ്ങൾ ഇന്നും പച്ചപിടിച്ചു നിൽക്കുന്നു. അന്നൊരു ദിവസം കാതോലിക്കാ ബാവാ തിരുമേനി മലയാള മനോരമ ചീഫ് എഡിറ്ററായിരുന്ന കെ.എം. ചെറിയാനെയും സഹോദരനും മാനേജിങ് എഡിറ്ററുമായിരുന്ന കെ.എം. മാത്യുവിനെയും ദേവലോകം അരമനയിലേക്കു നേരിട്ടു വിളിപ്പിച്ചു മലയാള മനോരമ കമ്പനി നിൽക്കുന്ന സ്ഥലം സഭവകയാണെന്നും അതു നിങ്ങൾ തീറു വാങ്ങണമെന്നും കൽപിക്കുകയുണ്ടായി. വസ്തു അവർതന്നെ തീറെഴുതി വാങ്ങിച്ചുകൊള്ളാനും 75,000 രൂപ വിലയായി സഭയ്ക്കു ലഭിക്കണമെന്ന് ആഗ്രഹിക്കുന്നതായും ബാവാ അറിയിച്ചു. ....ഇതനുസരിച്ച് 1962 ജനുവരി 27-ാം തീയതി പ്രമാണം റജിസ്റ്ററാക്കി. ...മലങ്കരസഭയുടെ വസ്തു സംരക്ഷണ സമിതി വിലയിരുത്തി നിശ്ചയിച്ച തുകയായിരുന്നു 75,000 രൂപ. പിന്നീട് മലങ്കര സഭയുടെ ഉന്നതാധികാര ആലോചനാ സമിതി ചർച്ചചെയ്ത് ഈ വിലയ്ക്കു വിൽക്കാൻ തീരുമാനിക്കുകയായിരുന്നു. എന്നിട്ടും സെയിൽ ഡീഡ് ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയായശേഷം 75,000 രൂപ കുറവാണെന്ന് ആരോ പറഞ്ഞെന്നു കേട്ടപ്പോൾ ബാവാ തിരുമേനി കുറേ രൂപ കൂടി തരണമെന്നു പറഞ്ഞു. അതനുസരിച്ചു 12,000 രൂപ കൂടി മനോരമയിൽനിന്നു വാങ്ങി. മാമ്മൻ മാപ്പിളയുടെ കുടുംബവുമായുള്ള ബന്ധത്തിന്റെയും സ്നേഹത്തിന്റെയും പേരിൽ, തന്റെ പേരിൽ ഒരു കുറ്റവും വരരുതെന്നുള്ള ആഗ്രഹം ബാവായ്ക്കുണ്ടായിരുന്നതുകൊണ്ടാണ് കച്ചവടം നടന്നശേഷം ഇങ്ങനെയൊരു തുക ആവശ്യപ്പെട്ടത്.

*ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർദ്ധം പല പരിവർത്തനങ്ങൾക്കും പൊതുവേയുള്ള പുരോഗതിക്കുമുള്ള ഒരു കാലഘട്ടമായിരുന്നു. നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം, ആ പരിവർത്തനവും പുരോഗതിയും ലക്ഷ്യമാക്കി പ്രവർത്തിച്ചവരിൽ അദ്വിതീയൻ മാമ്മൻ മാപ്പിളയായിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ബഹുമുഖങ്ങളായിരുന്നുവെന്നു പറഞ്ഞാൽപ്പോരാ, ദേശീയ ജീവിതത്തെപ്പറ്റി നോക്കുമ്പോൾ അതു സർവതോമുഖവുമായിരുന്നു. രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങൾ എന്തായിരുന്നാലും മാമ്മൻ മാപ്പിളയുടെ ജീവിതം ഏവർക്കും മാർഗദർശകമായിരുന്നു. അത്ര പരിശുദ്ധമായ ജീവിതമാണ് അദ്ദേഹം നയിച്ചത്. യുവജനങ്ങൾക്കാകട്ടെ ഉത്തമമാതൃക.*

**പട്ടം താണുപിള്ള**




# രാഷ്ട്രീയരംഗത്തെ അതികായൻ

പണ്ഡിതനും രാഷ്ട്രീയ പ്രബുദ്ധനും ബുദ്ധിസമ്പന്നനുമായ ചിന്തകനായിരുന്നുവെങ്കിലും കെ. സി. മാമ്മൻ മാപ്പിള ജീവിതത്തിലൊരു ഘട്ടത്തിലും ഒരു രാഷ്ട്രീയപ്രവർത്തകനായിരുന്നിട്ടില്ല; നിയമസഭാംഗമായിരുന്നിട്ടുണ്ടെങ്കിലും. രാഷ്ട്രീയരംഗത്തെ കക്ഷിമത്സരങ്ങളിലോ വ്യക്തികെട്ട വിദ്വേഷപ്രകടനങ്ങളിലോ അധികാരമത്സരങ്ങളിലോ അദ്ദേഹം പങ്കെടുത്തിട്ടില്ല. തിരുവിതാംകൂറിൽ നടന്ന നിവർത്തനപ്രക്ഷോഭങ്ങളിൽ ഗവൺമെന്റിന്റെ ഏറ്റവും ശക്തനായ പ്രതിയോഗി അദ്ദേഹമായിരുന്നു. സ്വാതന്ത്ര്യത്തിനും ഉത്തരവാദിത്തഭരണത്തിനും വേണ്ടി പുരോഗമന രാഷ്ട്രീയ കക്ഷികളോടു ചേർന്ന് അദ്ദേഹം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു. സ്റ്റേറ്റ് കോൺഗ്രസിന്റെ ആവിർഭാവത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന നിർണായകമായ പങ്ക് ഇന്നു വളരെപ്പേർക്ക് അറിയില്ല. ഈ സംഘടനയുടെ പ്രവർത്തനങ്ങൾക്ക് മനോരമ വൻപിച്ച പ്രചാരണം നൽകിയിരുന്നു. പരാക്രമശാലിയായ ദിവാൻ സിപിക്ക് മാമ്മൻ മാപ്പിളയും മനോരമയും പേടിസ്വപ്നമായിരുന്നു. അണിയറയ്ക്കുള്ളിലിരുന്നു സമാഹരിച്ച സകല ശക്തിയും മാമ്മൻ മാപ്പിള നേതാക്കൾക്കു സംഭാവന ചെയ്തിരുന്നു. മനസ്സും പ്രവൃത്തിയുംകൊണ്ട് അദ്ദേഹം സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ അലിഞ്ഞു ചേർന്നു.

സ്വാതന്ത്ര്യസമരനായികയായ അക്കാമ്മ വർക്കി ഇങ്ങനെ ഓർമിച്ചിട്ടുണ്ട്: തിരുവിതാംകൂർ പ്രദേശത്ത് രാഷ്ട്രീയ പ്രക്ഷോഭണം എന്ന ഒന്ന് മാമ്മൻ മാപ്പിള ഇല്ലായിരുന്നുവെങ്കിൽ ഉണ്ടാവുമായിരുന്നില്ലെന്നാണ് എനിക്കു തോന്നുന്നത്. പത്തുപന്ത്രണ്ടുവർഷക്കാലത്തോളം തിരുവിതാംകൂറിനെ ഇളക്കിമറിച്ച നിവർത്തന പ്രക്ഷോഭണവും സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോഭണവും എല്ലാംതന്നെ മാമ്മൻ മാപ്പിള അണിയറയിൽനിന്നു കൊണ്ടു നയിച്ച ഒന്നായിരുന്നു എന്നുള്ളത് അന്നത്തെ ബഹുജനങ്ങൾക്കു നല്ല ബോധ്യമുണ്ട്.


മാമ്മൻ മാപ്പിള തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയിൽ നാമനിർദേശത്തിലൂടെയും തിരഞ്ഞെടുപ്പിലൂടെയും പലപ്രാവശ്യം അംഗമായിട്ടുണ്ട്. വാണിജ്യവ്യവസായം വടക്ക് നിയോജകമണ്ഡലത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധി എന്ന നിലയിൽ അദ്ദേഹം ലെജിസ്ലേറ്റീവ് കൗൺസിലിലും രണ്ടു തവണ (1922 – 1928) അംഗമായിരുന്നു. ഭരണപരിഷ്കാരത്തെപ്പറ്റി 1917 ഫെബ്രുവരി 13ന് അദ്ദേഹം പ്രജാസഭയിൽ നടത്തിയ പ്രസംഗം സമഗ്രമേഖലകളെയും സ്പർശിക്കുന്നതായിരുന്നു. സംസ്ഥാനത്തിന്റെ ഭരണം സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളിലും ദിവാനെ ഉപദേശിക്കാനായി ഒരു സമിതി രൂപീകരിക്കണമെന്ന് അദ്ദേഹം നിർദേശിച്ചു. ഏറ്റവും അവശതയനുഭവിക്കുന്ന പുലയരുടെ പ്രതിനിധി



മലയാള മനോരമയുടെ വജ്രജൂബിലിയുടെ ഔപചാരിക ഉദ്ഘാടനം രാഷ്ട്രപതി ഡോ. രാജേന്ദ്രപ്രസാദ് നിർവഹിച്ചപ്പോൾ. കെ.സി. മാമ്മൻ മാപ്പിള സമീപം.

യായി അയ്യങ്കാളിയെ പ്രജാസഭയിലെടുക്കുന്നതിനു പിന്നിൽ പ്രവർത്തിച്ചത് മാമ്മൻ മാപ്പിളയായിരുന്നു. നിയമനിർമാണ സമിതിയിൽ 1924 ഒക്ടോബർ രണ്ടിന് മാമ്മൻ മാപ്പിള നടത്തിയ പ്രസംഗം ശ്രദ്ധേയമായിരുന്നു. പൗരാവകാശങ്ങൾക്കുവേണ്ടി ഇത്ര ശക്തിയുക്തവും പ്രൗഢവും ആവേശഭരിതവുമായ ഒരു പ്രസംഗത്തിന് അതിനുമുൻപ് നമ്മുടെ നിയമസഭ സാക്ഷ്യംവഹിച്ചിട്ടില്ല!

ഐക്യകേരളത്തിനു വേണ്ടി അദ്ദേഹം നിരന്തരം തൂലിക ചലിപ്പിച്ചു. 1949 ഫെബ്രുവരിയിൽ എഴുതിയ മുഖപ്രസംഗത്തിൽ ഐക്യകേരളം ഐശ്വര്യ വീക്ഷണത്തിൽ കൊച്ചി, മലബാർ, തിരുവിതാംകൂർ എന്നീ ഓരോ രാജ്യത്തിന്റെയും ഇന്ത്യയുടെയും അഭിവൃദ്ധിക്ക് അത്യാവശ്യമാണ്. ചെറുരാജ്യങ്ങൾക്കിനി ഇന്ത്യയിൽ സ്ഥാനമില്ല. കേരളൈക്യമുണ്ടായാലും മറ്റു വിഭാഗങ്ങളെ അപേക്ഷിച്ചു കുറേ ചെറുതേ ആയിരിക്കയുള്ളു. എങ്കിലും ആ ചെറിയ കേരളം ഇന്ത്യയിൽ ഗണനീയമായ ഒരു ശക്തിയായിരിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല എന്നാണ് പറഞ്ഞിരുന്നത്.



മലയാള മനോരമയുടെ വജ്രജൂബിലിയുടെ ഔപചാരിക ഉദ്ഘാടനം രാഷ്ട്രപതി ഡോ. രാജേന്ദ്രപ്രസാദ് നിർവഹിച്ചപ്പോൾ. കെ.സി. മാമ്മൻ മാപ്പിള സമീപം.

യായി അയ്യങ്കാളിയെ പ്രജാസഭയിലെടുക്കുന്നതിനു പിന്നിൽ പ്രവർത്തിച്ചത് മാമ്മൻ മാപ്പിളയായിരുന്നു. നിയമനിർമാണ സമിതിയിൽ 1924 ഒക്ടോബർ രണ്ടിന് മാമ്മൻ മാപ്പിള നടത്തിയ പ്രസംഗം ശ്രദ്ധേയമായിരുന്നു. പൗരാവകാശങ്ങൾക്കുവേണ്ടി ഇത്ര ശക്തിയുക്തവും പ്രൗഢവും ആവേശഭരിതവുമായ ഒരു പ്രസംഗത്തിന് അതിനുമുൻപ് നമ്മുടെ നിയമസഭ സാക്ഷ്യംവഹിച്ചിട്ടില്ല!

ഐക്യകേരളത്തിനുവേണ്ടി അദ്ദേഹം നിരന്തരം തൂലിക ചലിപ്പിച്ചു. 1949 ഫെബ്രുവരിയിൽ എഴുതിയ മുഖപ്രസംഗത്തിൽ ഐക്യകേരളം ഐശ്വര്യ വീക്ഷണത്തിൽ കൊച്ചി, മലബാർ, തിരുവിതാംകൂർ എന്നീ ഓരോ രാജ്യത്തിന്റെയും ഇന്ത്യയുടെയും അഭിവൃദ്ധിക്ക് അത്യാവശ്യമാണ്. ചെറുരാജ്യങ്ങൾക്കിനി ഇന്ത്യയിൽ സ്ഥാനമില്ല. കേരളൈക്യമുണ്ടായാലും മറ്റു വിഭാഗങ്ങളെ അപേക്ഷിച്ചു കുറേ ചെറുതേ ആയിരിക്കയുള്ളൂ. എങ്കിലും ആ ചെറിയ കേരളം ഇന്ത്യയിൽ ഗണനീയമായ ഒരു ശക്തിയായിരിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല എന്നാണ് പറഞ്ഞിരുന്നത്.




*ഉദ്യോഗത്തിന്റെ സുരക്ഷിതത്വത്തിനും അധികാര ത്തിനും ന മ്മുടെ സമൂഹത്തിൽ ഇന്നുള്ള പ്രീമിയം തിരുന്നിടത്താണ് വ്യ വസായത്തിന്റെ സംസ്കാരം ആരംഭിക്കുക. ഈ വഴിക്കു കേര ളത്തിൽ ആദ്യം തുടക്കംകുറിച്ചത് ആരാണ്? അല്ലെങ്കിൽ നമ്മു ടെ വ്യവസായ സംസ്കാരത്തിന്റെ പിതാവായി അവരോധി ക്കാൻ പോന്നയാൾ. എന്റെ അറിവിൽ ആ കിരീടം അർഹിക്കു ന്നത് കെ. സി. മാമ്മൻ മാപ്പിളയാണ്.*

**എം.പി. നാരായണപിള്ള 1977ൽ എഴുതിയ ലേഖനത്തിൽനിന്ന്**

# വ്യവസായ സംസ്കാരത്തിന്റെ പിതാവ്

എല്ലാവിധ വളർച്ചയും സാമ്പത്തികമായ പുരോ
ഗതിയിലാണ് അധിഷ്ഠിതമായിരിക്കുന്നതെ
ന്നു കാണുന്നതിനും സാമ്പത്തികപുരോഗതി കൈവ
രുത്തുന്നതിനു വാണിജ്യ വ്യവസായങ്ങൾ ശാസ്ത്രീയ
മായ രീതിയിൽ കെട്ടിപ്പടുക്കുകയാണ് ആവശ്യമെന്നു
മനസ്സിലാക്കുന്നതിനും വേണ്ട സാമാന്യജ്ഞാനവും
ദീർഘദൃഷ്ടിയും മാമ്മൻ മാപ്പിളയ്ക്കുണ്ടായിരുന്നു.
വ്യക്തിക്ക് ഉപരിയായി സമൂഹത്തെയും ലാഭത്തിന്
ഉപരിയായി പ്രയോജനത്തെയും മുൻനിർത്തിക്കൊ
ണ്ട് പ്രവർത്തിച്ച വ്യവസായരംഗത്തെ ഒരു ദീർഘദർശി
യായിരുന്നു അദ്ദേഹം. തിരുവിതാംകൂർ നാഷനൽ ബാ
ങ്ക്, ഈ സ്ഥാപനത്തെ ക്വയിലോൺ ബാങ്കുമായി സം
യോജിപ്പിച്ച് രൂപംകൊണ്ട തിരുവിതാംകൂർ നാഷനൽ
ആൻഡ് ക്വയിലോൺ ബാങ്ക്, ന്യൂ ഗാർഡിയൻ ഓഫ്
ഇന്ത്യാ ഇൻഷുറൻസ് കമ്പനി, യങ് ഇന്ത്യാ ഏജൻസി
സിന്റെ ഭരണത്തിൻകീഴിൽ നടത്തിവന്ന റബർ, ടീ,
കോഫി, ഏലം തുടങ്ങിയ തോട്ടം വ്യവസായങ്ങൾ, മ
ദ്രാസ് റബർ ഫാക്ടറി, ഇതിനൊക്കെയും ഉപരിയായി
മലയാള മനോരമ തുടങ്ങിയ എല്ലാ പ്രസ്ഥാനങ്ങളും
ഈ ലക്ഷ്യത്തെ മുൻനിർത്തി സ്ഥാപിച്ചവയാണ്.

റബർ കൃഷിയുടെ വളർച്ചയ്ക്ക് മനോരമ മുഖാന്തരം
മാമ്മൻ മാപ്പിള ചെലുത്തിയ സ്വാധീനം അസാധാരണ
മാണ്. 1905നും 1910നും ഇടയ്ക്കു റബർ കൃഷിയെക്കു
റിച്ച് 13 മുഖപ്രസംഗങ്ങളാണ് അദ്ദേഹം മനോരമയിൽ
എഴുതിയത്. റബറിന്റെ ഉദയവികാസങ്ങൾ തൃപ്തിക
രമായി മനസ്സിലാക്കാൻ പര്യാപ്തമാണ് ഈ ആദ്യകാ
ല മുഖപ്രസംഗങ്ങൾ. റബർ കൃഷിയിൽനിന്നു വളരെ



നാഷനൽ ആൻഡ് ക്വയിലോൺ ബാങ്കിന്റെ കൊല്ലത്തെ ആസ്ഥാനമന്ദിരം അന്നത്തെ തിരുവിതാംകൂർ ദിവാൻ സി. പി. രാമസ്വാമി അയ്യർ സന്ദർശിച്ചപ്പോൾ. മുൻനിരയിൽ വല ത്തേയറ്റത്ത്, ദിവാന്റെ സമീപത്തു നിൽക്കുന്നത് ബാങ്ക് ചെ യർമാൻ കെ.സി. മാമ്മൻ മാപ്പിള.

ആദായമുണ്ടാക്കാമെന്നും കഴിവുള്ളവരെല്ലാം ഇതിൽ വ്യാപരിക്കണമെന്നും മലയാളികളെ ആദ്യം ബോധ്യപ്പെടുത്തിയത് മാമ്മൻ മാപ്പിളയാണ്. മനോരമയിലെ മുഖപ്രസംഗങ്ങൾ വായിച്ച ശേഷമാണ് നാട്ടുകാർ റബർ കൃഷിയിലും വ്യവസായത്തിലും മുഴുകിയത്. കോട്ടയത്തെ പാലാമ്പടം കുടുംബം റബർ എസ്റ്റേറ്റ് തുടങ്ങിയപ്പോൾ അതിനെ അഭിനന്ദിച്ചുകൊണ്ട് അദ്ദേഹം മുഖപ്രസംഗം എഴുതി. വ്യാപാരികൾ, ചെറുകിട വ്യവസായികൾ, കോൺട്രാക്ടർമാർ തുടങ്ങി ബഹുശതം വ്യവസായോന്മുഖരായ വ്യക്തികളെയും സ്ഥാപനങ്ങളെയും വളർത്തിയെടുക്കുന്നതിന് തിരുവിതാംകൂർ നാഷനൽ ആൻഡ് ക്വയിലോൺ ബാങ്കിനു സാധിച്ചിട്ടുണ്ട്. ഗാർഡിയൻ ഇൻഷുറൻസ് കമ്പനി ഗവൺമെന്റ് ഏറ്റെടുത്ത സമയത്ത് ദക്ഷിണേന്ത്യയിലെ ഒട്ടേറെ ആളുകൾക്ക് ലൈഫ് ഇൻഷുറൻസ് കോർപറേഷനിൽ സ്ഥിരജീവനക്കാരായി ചേരുന്നതിനു സാധിച്ചു.

പുതിയ ആശയങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിന് എന്നും നവോന്മേഷം നൽകി. പത്രം, ബാങ്കിങ്, ഇൻഷുറൻസ്, റബർ, തേയിലക്കൃഷി തുടങ്ങിയ മേഖലകളിൽ അദ്ദേഹം വിജയം കൈവരിച്ചത് ഇപ്പോൾ ചരിത്രമായി ത്തീർന്നിരിക്കുകയാണ്. കാർഷിക വ്യാവസായിക രംഗങ്ങളിലെ പ്രവർത്തനങ്ങളിലൂടെ നാടിന്റെ മുഴുവൻ അഭിവൃദ്ധിയാണ് അദ്ദേഹം ലക്ഷ്യമിട്ടത്. പത്രത്തിലൂടെ നാടിനെ ഉദ്ബുദ്ധമാക്കുകയും കാർഷിക – വ്യവസായ സംസ്കാരത്തിന്റെ അവബോധം അങ്കുരിപ്പിക്കുകയും ചെയ്തു അദ്ദേഹം.

പുതിയ ആശയങ്ങൾ ആവിഷ്കരിക്കുമ്പോൾ ഉണ്ടാവുന്ന പരാജയങ്ങൾപോലും അദ്ദേഹം കർമോർജമാക്കി മാറ്റി. തൈലത്തിന്റെ വിലയിടിവു കാരണം പുൽത്തൈലക്കൃഷി പരാജയമായതു മറ്റൊരു പുതിയ ആശയത്തിലേക്കാണു മാമ്മൻ മാപ്പിളയെ കൈപിടിച്ചു നടത്തിയത്. കൊച്ചി – ആലപ്പുഴ റൂട്ടിൽ, ആയിരം യാത്രക്കാരെ കൊണ്ടുപോകാവുന്ന ഒരു കപ്പൽ അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു. മുന്നടി വെള്ളത്തിൽപ്പോലും ഓടിക്കാവുന്ന ഒരു കപ്പൽ മുംബൈയിൽ ഉണ്ടെന്നറിഞ്ഞപ്പോൾ അവിടെയെത്തി അതിന് അഡ്വാൻസ് വരെ കൊടുക്കുകയും ചെയ്തിട്ടുണ്ട്. ആ സംരംഭവും പ്രവൃത്തിപഥത്തിലെത്തിയില്ല. മൾട്ടിനാഷനൽ കമ്പനികളോടു മൽസരിക്കാനാവാതെ, കോയമ്പത്തൂർ പോത്തന്നൂരിലുള്ള സിഗരറ്റ് ഫാക്ടറിയും പൂട്ടേണ്ടിവന്നു. ജയിലിൽനിന്ന് മക്കൾക്ക് അയച്ച ഒരു കത്തിൽ ചെന്നൈയിൽ സുഖചികിത്സാ സൗകര്യമുള്ള ഒരു ആയുർവേദ കേന്ദ്രം ആരംഭിക്കാൻ അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി. അത്തരം കേന്ദ്രങ്ങളെക്കുറിച്ചു കേട്ടുകേൾവിപോലുമില്ലാത്ത കാലത്തായിരുന്നു അത്. ദിവാൻ സിപിയുടെ തന്ത്രങ്ങളാൽ ട്രാവൻകൂർ നാഷനൽ ആൻഡ് ക്വയിലോൺ ബാങ്ക് തകർക്കപ്പെട്ടതോ മനോരമ ബന്ധനസ്ഥമായതോ ജയിൽവാസം അനുഭവിക്കേണ്ടി വന്നതോ ഒന്നിനുംതന്നെ മാമ്മൻ മാപ്പിളയുടെ ഉള്ളിലെ കർമാഗ്നിയെ കെടുത്താനായില്ല. ഏതു പ്രതിസന്ധിയിലും കുലുങ്ങാത്തതായിരുന്നു ആ വ്യക്തിത്വം.

## പാടത്തു വിളഞ്ഞ ദീർഘദർശിത്വം

ദീർഘവീക്ഷണത്തോടുകൂടി ക്ഷമാപൂർവം പരിശ്രമിച്ചതിനാൽ അപരിചിതമായ കൃഷിമേഖലയിലും മാമ്മൻ മാപ്പിളയ്ക്കു വിജയം കൈവരിക്കാൻ സാധിച്ചു. ശാസ്ത്രീയവീക്ഷണം അവലംബിക്കാൻ കഴിഞ്ഞതുകൊണ്ടാണ് കൃഷിയിൽ നേരിടാവുന്ന പല പ്രതിബന്ധങ്ങളെയും തരണംചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞത്. നെൽക്കൃഷിയിലെന്നപോലെ തെങ്ങു സംരക്ഷിക്കുന്നതിലും കന്നുകാലികളെ വളർത്തുന്നതിലും അദ്ദേഹം ശ്രദ്ധപുലർത്തി.

അക്കാലത്ത് കൃഷി ഡയറക്ടറായിരുന്ന ഡോ. കുഞ്ഞൻപിള്ളയുടെ ഉപദേശം തേടാൻ അദ്ദേഹം മടിച്ചില്ല. കോട്ടയം, കുട്ടനാട് തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് പുഞ്ചക്കൃഷിയിൽ നഷ്ടം നേരിട്ടപ്പോൾ അതിന്റെ കാരണം കണ്ടെത്തി കർഷകരുടെ രക്ഷയ്ക്കെത്തി. കൃഷിക്ക് ഏറ്റവും അനുയോജ്യവളമായ ചാണകവും ചാരവും ചേർത്ത് പുഞ്ചക്കൃഷി ചെയ്യാൻ ഉപദേശിച്ചു. ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്നപ്പോൾ കൃഷിസംബന്ധമായ കാര്യങ്ങളിൽ അഭിപ്രായം പറയാൻ സ്വാനുഭവമാണ് അദ്ദേഹത്തിനു തുണയായത്.

ഇന്നത്തെ പടുകൂറ്റൻ രാസവള നിർമാണശാലകൾ രൂപംകൊള്ളുന്നതിനു മുൻപ് എല്ലുപൊടിയെക്കുറിച്ച് അദ്ദേഹം മുഖപ്രസംഗം എഴുതി. എല്ലുപൊടിയുടെ നിർമാണം പ്രോൽസാഹിപ്പിക്കേണ്ടത് ഈ രാജ്യത്തിന്റെ സാമ്പത്തികഭാവിക്കു വളരെ ആവശ്യമെന്നു നാടിനെ ഓർമിപ്പിച്ചു. കന്നുകാലികളെ ശാസ്ത്രീയമായി വളർത്തേണ്ടതിന്റെ ആവശ്യകതയും രാജ്യപുരോഗതിയിൽ അവയ്ക്കുള്ള പങ്കും ബോധ്യപ്പെടുത്തി.

തിരുവിതാംകൂറിലെ എൻജിനീയറിങ് വകുപ്പ് സിമന്റ് നിർമാണത്തിന്റെ സാധ്യതകൾ ആരാഞ്ഞപ്പോൾ വേമ്പനാട്ടു കായലിലെ കക്കയുടെ വൻശേഖരം പ്രയോജനപ്പെടുത്താൻ മാമ്മൻ മാപ്പിള നിർദേശിക്കുകയുണ്ടായി.



*പത്രാധിപർ എങ്ങനെയാവണമെന്നതിന്റെ ഉദാഹരണമായ കെ.സി. മാമ്മൻ മാപ്പിള നൂറ്റാണ്ടിനു മുൻപേ നടക്കുകയായിരുന്നു. ഹൃദയത്തിന്റെ മാത്രം ആജ്ഞകൊണ്ട് വലിയ കാഴ്ചപ്പാടുണ്ടാക്കിയ മനുഷ്യനായിരുന്നു മാമ്മൻ മാപ്പിള. അദ്ദേഹത്തിന്റെ അഭിരുചികളുടെ അതിരു മനസ്സിലാക്കാൻ നമുക്കു സാധിക്കില്ല. സാഹിത്യത്തെയും സംസ്കാരത്തെയുംപറ്റി സ്വന്തംനിലയ്ക്ക് ഉപന്യാസങ്ങളെഴുതിയ മാമ്മൻ മാപ്പിള ശാസ്ത്രജ്ഞരെക്കാൾ മുൻപിൽ സഞ്ചരിച്ച ശാസ്ത്രജ്ഞനായിരുന്നു. ഇത്ര യുക്തിയുക്തനായ പ്രതിഭാധനനെ ഈ കാലഘട്ടത്തിൽപ്പോലും കാണാൻ സാധിക്കില്ല.*

**ഡോ. സുകുമാർ അഴീക്കോട്**

# മുൻപേ നടന്ന പത്രാധിപർ

കഷ്ടിച്ച് മുപ്പതു വയസ്സുള്ളപ്പോൾ, 1904 ജൂലൈ ആറിന് ഒരു വെല്ലുവിളിയെന്നപോലെ കെ. സി. മാമ്മൻ മാപ്പിള പത്രാധിപത്യം ഏറ്റെടുക്കുമ്പോൾ



ആഴ്ചയിൽ രണ്ടുതവണ മാത്രം ഇറങ്ങിയിരുന്ന ഒരു ചെറിയ കാലികം മാത്രമായിരുന്നു മലയാള മനോരമ. അതിനെ ദിനപത്രമാക്കി വികസിപ്പിക്കുകയും പ്രചാരത്തിൽ ഒന്നാം നിരയിലേക്ക് ഉയർത്തുകയും ചെയ്ത വിജയകരമായ ദൗത്യത്തിന്റെ അമരക്കാരനായിരുന്നു മാമ്മൻ മാപ്പിള.


മനോരമയുടെ സ്ഥാപക പത്രാധിപരായ കണ്ടത്തിൽ വറുഗീസ് മാപ്പിളയിൽനിന്നു കൈപ്പറ്റിയ പാരമ്പര്യമൂല്യങ്ങൾ മുറുകെപ്പിടിച്ചതോടൊപ്പം പത്രത്തെ കാലത്തെയും ലോകത്തെയും അഭിമുഖീകരിക്കാൻ മാമ്മൻ മാപ്പിള പ്രാപ്തമാക്കി. വറുഗീസ് മാപ്പിള കയ്യൊപ്പു പതിപ്പിച്ച സാഹിത്യം, സംസ്കാരം, ഭാഷാപരിഷ്കാരം തുടങ്ങിയ മേഖലകളോടൊപ്പം കൃഷി, വ്യവസായം, രാഷ്ട്ര –രാഷ്ട്രീയ പുരോഗതി, സാമൂഹികസമത്വയജ്ഞം തുടങ്ങിയ ബഹുമുഖ പ്രവർത്തനങ്ങളിലും മാമ്മൻ മാപ്പിള സജീവമായിരുന്നു. താൻ പത്രാധിപത്യം വഹിക്കുന്ന പത്രത്തിന്റെ അനന്തസാധ്യതകൾ കണ്ടെത്തുന്നതിനും ക്രാന്തദർശിത്വത്തോടെ ആ സാധ്യതകളിലേക്കു സമൂഹത്തെ നയിക്കാനും സാധിച്ചതിലാണു മാമ്മൻ മാപ്പിളയുടെ മഹത്വം. അദ്ദേഹത്തിന്റെ ഈ പ്രവർത്തനങ്ങളെയെല്ലാം സമാഹരിച്ചാൽ അതിന് കേരളത്തിന്റെ ആധുനികീകരണം എന്നോ നവോത്ഥാനം എന്നോ പേരിടുകയും ചെയ്യാം. അതുകൊണ്ടുതന്നെ അൻപതോ നൂറോ വർഷത്തിനുശേഷമുള്ള കേരളത്തെ മുൻകണ്ട്, സമഗ്രവികസനത്തെ മുൻകണ്ടുള്ള പ

ത്രാധിപത്യമായിരുന്നു മാമ്മൻ മാപ്പിളയുടേതെന്നു പറയാം.

മനോരമയ്ക്ക് ആധുനിക മുഖച്ഛായ പകരുന്നതിൽ അദ്ദേഹം നിസ്സീമമായ പങ്കുവഹിച്ചു. പത്രപ്രവർത്തനത്തിൽ മുഖ്യശ്രദ്ധ ഊന്നുമ്പോൾത്തന്നെ അദ്ദേഹം സാമൂഹിക – സാംസ്കാരിക – സാഹിത്യ മേഖലകളിലെല്ലാം ശ്രദ്ധപതിപ്പിച്ചു. നിവർത്തനപ്രക്ഷോഭം, സ്റ്റേറ്റ് കോൺഗ്രസ് തുടങ്ങിയവയടക്കം കേരള രാഷ്ട്രീയത്തിലെ സംഭവവികാസങ്ങളിലെല്ലാം അദ്ദേഹം നിർണായക പങ്കുവഹിച്ചു. ഏതു വിഷയമാണെങ്കിലും രാജ്യത്തിന്റെ വളർച്ചയ്ക്കുവേണ്ടിയുള്ള സാധ്യത തെളിഞ്ഞുകണ്ടാൽ ആ ലക്ഷ്യത്തിനുവേണ്ടി അദ്ദേഹം പത്രത്തിന്റെ താളുകൾ യഥേഷ്ടം മാറ്റിവയ്ക്കുമായിരുന്നു. ഇടുക്കി പദ്ധതിക്കുവേണ്ടിയും കേരളത്തിലെ റബർ കൃഷിയുടെ ഉന്നമനത്തിനുവേണ്ടിയും മനോരമ പത്രത്തിൽ നൂറുകണക്കിനു കോളങ്ങളാണു വിനിയോഗിച്ചിട്ടുള്ളത്. ഇടുക്കിയിലെ വൈദ്യുതി ഉൽപാദന സാധ്യതകൾ ആദ്യംതന്നെ മനസ്സിലാക്കി അതിനായി മനോരമയിലൂടെ നാടുണർത്തൽ തുടങ്ങിയത് മാമ്മൻ മാപ്പിളയുടെ ദീർഘദർശിത്വംമൂലമാണ്. ഒട്ടേറെ മുഖപ്രസംഗങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും അദ്ദേഹം ആ സ്വപ്നം സഫലമാക്കി. കാർഷിക സർവകലാശാലയ്ക്കുവേണ്ടിയും ഭാഷാ സർവകലാശാലയ്ക്കുവേണ്ടിയും അവ യാഥാർഥ്യമാകുന്നതിനു ദശാബ്ദങ്ങൾക്കുമുൻപേ അദ്ദേഹം വാദിച്ചിരുന്നു.


സർവസ്പർശിയും ജീവിതഗന്ധിയുമായ പത്രപ്രവർത്തനത്തിന് മലയാളക്കരയിൽ രാജവീഥി ഒരുക്കി എന്നതാണ് മലയാള പത്രപ്രവർത്തനത്തിൽ മാമ്മൻ മാപ്പിളയുടെ ഏറ്റവും മഹത്തായ സംഭാവന. അദ്ദേഹത്തിന്റെ പത്രാധിപവ്യക്തിത്വം അദ്ദേഹം എഴുതിയ ലോകവിജ്ഞാന സമുജ്വലങ്ങളായ മുഖപ്രസംഗങ്ങളിലാണ് മുഖ്യമായും തെളിയുന്നത്. സാമൂഹിക പരിഷ്കരണത്തിനുവേണ്ടി അദ്ദേഹം ജീവിതവും പത്രാധിപജീവിതവും വിട്ടുവീഴ്ചയില്ലാതെ മുന്നോട്ടുകൊണ്ടുപോയി.

സ്വാതന്ത്ര്യവും നീതിയും നിഷേധിക്കപ്പെട്ടു നിസ്സഹായരായി കഴിഞ്ഞിരുന്ന തീണ്ടൽജാതിക്കാർ തങ്ങളുടെ മൗലികാവകാശങ്ങൾക്കുവേണ്ടി അടരാടിയപ്പോൾ അദ്ദേഹം അവരെ ആത്മാർഥമായി പിന്തുണച്ചു. സകല സമുദായങ്ങളും ഉണരണം, ഉയരണം എന്നതായിരുന്നു അദ്ദേഹത്തിന്റെ വീക്ഷണം. ഏതൊരു സമുദായവും തങ്ങളുടെ പുരോഗതിക്കുവേണ്ടി നടത്തുന്ന പരിശ്രമങ്ങൾ ഇതര സമുദായങ്ങൾക്കും സഹായകമാണെന്ന് അദ്ദേഹം സകാരണം ചൂണ്ടിക്കാട്ടി. ക്ഷേത്രപ്രവേശന പ്രക്ഷോഭണത്തിന്റെ പ്രാരംഭവേളയിൽത്തന്നെ നാടിന്റെ ശോഭനമായ ഭാവിക്കുവേണ്ടി അവർണ സമുദായങ്ങൾക്ക് ക്ഷേത്രപ്രവേശനം അനുവദിക്കണമെന്ന് അദ്ദേഹം ഒട്ടേറെ മുഖപ്രസംഗങ്ങളിലൂടെ ശക്തിയുക്തം ആവശ്യപ്പെട്ടു.



മനോരമയിലൂടെ കെ.സി. മാമ്മൻ മാപ്പിള നടത്തിയ നിരന്തരമായ നാടുണർത്തലിലൂടെ യാഥാർഥ്യമായ ഇടുക്കി പദ്ധതി. (1975ലെ ചിത്രം)

പത്രത്തിനു പുറത്തും മാമ്മൻ മാപ്പിളയുടെ ശ്രദ്ധ സജീവമായിരുന്നു. വീടുകളിലും സ്കൂളിലുമായി ഒതുങ്ങിയിരുന്ന കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞതും അവർക്കും സംവദിക്കാൻ ഒരിടം ലഭിക്കണമെന്നു തീരുമാനിച്ചതും മാമ്മൻ മാപ്പിളയായിരുന്നു. ഇന്ന് ഏഷ്യയിലെ ഏറ്റവും വലിയ ബാലജന സംഘടനയായി വളർന്ന അഖിലകേരള ബാലജനസഖ്യത്തിന്റെ പിറവി ആ ചി





ന്തയിൽനിന്നാണ്. കേരളത്തിലെ ബാലജനതയെ ഒരു ചരടിൽ ഇണക്കിക്കോർത്ത് ഭാവികേരളത്തിന്റെ ഭദ്രതയ്ക്കു രൂപാന്തരപ്പെടുത്തിയെടുക്കേണ്ടത് അത്യാവശ്യമാണെന്നു കാണാനുള്ള ക്രാന്തദർശിത്വം അദ്ദേഹത്തിനുണ്ടായിരുന്നു.

സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിൽ മാമ്മൻ മാപ്പിള എന്നും ജാഗ്രത പുലർത്തി. മഹാകവി കുമാരനാശാൻ ഒരു സിംഹപ്രസവം എന്ന ഖണ്ഡകാവ്യം രചിച്ചതു മാമ്മൻ മാപ്പിളയുടെ നിർബന്ധം മൂലമാണ്. മഹാകവി വള്ളത്തോളിന്റെ കൊച്ചുസീത എന്ന മനോഹരമായ ഖണ്ഡകാവ്യവുമായാണ് മനോരമ ആഴ്ചപ്പതിപ്പിന്റെ ആദ്യലക്കം പുറത്തിറങ്ങിയത്. മഗ്ദലന മറിയം എന്ന ഖണ്ഡകാവ്യം രചിക്കുന്നതിനു വള്ളത്തോളിനെ പ്രേരിപ്പിച്ചതു മാമ്മൻ മാപ്പിളയാണ്. ചിത്രമെഴുത്തു കെ.എം. വറുഗീസിനെ പ്രശസ്തനാക്കിയതും എം. രാജരാജവർമ, മാവേലിക്കര ഉദയവർമ, ടി.കെ. ജോസഫ് തുടങ്ങിയവരെക്കൊണ്ട് ആധുനിക വിജ്ഞാനീയ ലേഖനങ്ങൾ എഴുതിച്ചതും ഐ.സി. ചാക്കോയുടെ സാഹിത്യ ശാസ്ത്രീയ ലേഖനങ്ങളിൽ ഭൂരിഭാഗവും പ്രസിദ്ധീകരിച്ചതും വെണ്ണിക്കുളം ഗോപാലക്കുറുപ്പിനെ പ്രോൽസാഹിപ്പിച്ചതും മാമ്മൻ മാപ്പിളയായിരുന്നു. മുച്ചീട്ടുകളിക്കാരന്റെ മകൾ എഴുതിയതിനു ഭീമമായ പ്രതിഫലം ലഭിച്ചതിനെക്കുറിച്ചു വൈക്കം മുഹമ്മദ് ബഷീർ അനുസ്മരിച്ചിട്ടുണ്ട്. മാഞ്ചുവട്ടിൽ എന്ന കഥയ്ക്കു പ്രതിഫലമായി മാമ്മൻ മാപ്പിള അയച്ച ചെക്ക് കിട്ടിയപ്പോഴാണു കഥയെഴുത്ത് ഒരു ജീവിതവൃത്തിയായി സ്വീകരിക്കണമെന്നു തനിക്കു തോന്നിയതെന്നു തകഴി രേഖപ്പെടുത്തിയിട്ടുണ്ട്. മലയാള സാഹിത്യത്തിന് അവിസ്മരണീയമായ സംഭാവനകൾ നൽകാൻ ഭാഗ്യം സിദ്ധിച്ച അനേകം എഴുത്തുകാർക്ക് ഇതേ അനുഭവം തന്നെയാണു പറയാനുള്ളത്.

1892ൽ കണ്ടത്തിൽ വറുഗീസ് മാപ്പിള തുടങ്ങിയ ഭാഷാപോഷിണി മാസിക കാലാനുസൃതമായ പരിഷ്കാരങ്ങളോടെ മുന്നോട്ടുകൊണ്ടുപോയതു മാമ്മൻ മാപ്പിളയാണ്. ഉന്നതനിലവാരം പുലർത്തിക്കൊണ്ടു 34 വർഷം ഭാഷാപോഷിണി മാസിക അദ്ദേഹം നടത്തി.

പത്തു വർഷത്തോളം ഹെഡ്മാസ്റ്റർ ആയി സേവനമനുഷ്ഠിച്ച മാമ്മൻ മാപ്പിളയുടെ അനുഭവപാഠങ്ങൾ പത്രാധിപ ജീവിതത്തിലും പ്രയോജനപ്പെട്ടു. വിദ്യാഭ്യാസത്തെ പുരസ്കരിച്ച് അദ്ദേഹം എഴുതിയ മുഖപ്രസംഗപരമ്പരകൾ വിദ്യാഭ്യാസ വിചക്ഷണരുടെയും ഭരണാധികാരികളുടെയും പ്രശംസ പിടിച്ചുപറ്റി. സ്വാതന്ത്ര്യലബ്ധിക്കു വളരെ മുൻപായിരുന്നു തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെക്കുറിച്ചു മാമ്മൻ മാപ്പിള എഴുതിയത്. എന്നാൽ, സ്വാതന്ത്ര്യം നേടി ഒന്നര ദശാബ്ദം പിന്നിടേണ്ടിവന്നു, ഭാരതം തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിക്കു രൂപംനൽകാൻ. തിരുവിതാംകൂർ വിദ്യാഭ്യാസ വകുപ്പ് മേധാവികളുടെ നിർദേശപ്രകാരം പാഠപുസ്തക രചനയിലേക്കും മാമ്മൻ മാപ്പിള തിരിയുകയുണ്ടായി.

# അവരറിഞ്ഞ മാമ്മൻ മാപ്പിള

## പ്രമുഖരുടെ വാക്കുകളിൽ കെ. സി. മാമ്മൻ മാപ്പിള

### ടി. എം. വർഗീസ്

കേരളക്കരയ്ക്ക് ഒരിക്കലും മറക്കാനും മറയ്ക്കാനും വയ്യാത്ത വ്യക്തിയാണ് കെ. സി. മാമ്മൻ മാപ്പിള. ഞാനും മാമ്മൻ മാപ്പിളയുമായി കൂടുതൽ ഇടപെട്ട കാലഘട്ടമായിരുന്നു സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രവർത്തനകാലവും പ്രക്ഷോഭണകാലവും. അക്കാലത്താണു ഞങ്ങൾ തമ്മിൽ അവിസ്മരണീയമാംവിധം ഇടപഴകിയത്. അദ്ദേഹത്തിന്റെ മഹാമനസ്കതയും വികാരവിചാര പരമ്പരകളും പ്രവൃത്തിനിഷ്ഠയും എനിക്കു നേരിട്ടറിയാൻകഴിഞ്ഞ രംഗങ്ങൾ വളരെയുണ്ടായി. Versatile എന്ന ഗുണത്തിനു മാമ്മൻ മാപ്പിളയെപ്പോലെ ചുരുക്കം ചില വ്യക്തികൾ മാത്രമേ ഉദാഹരണമായുണ്ടാവൂ.

### എ. ജെ. ജോൺ

മാമ്മൻ മാപ്പിളയെപ്പറ്റിയും മനോരമയെപ്പറ്റിയും ഓർക്കുമ്പോൾ ആദ്യമായി എന്റെ മനസ്സിലുദിക്കുന്നത്, ആ പഴയകാലത്തെ രാഷ്ട്രീയ സ്വാതന്ത്ര്യ പ്രക്ഷോഭണങ്ങളെപ്പറ്റിയുള്ള സ്മരണകളാണ്. അക്കാലത്തെ ജനകീയ സ്വാതന്ത്ര്യ പ്രക്ഷോഭണങ്ങളുടെ ഒരു സുപ്രധാന സൂത്രധാരകൻ മാമ്മൻ മാപ്പിളയായിരുന്നു. മനോരമ പത്രത്തിലൂടെ അദ്ദേഹം ആ പ്രക്ഷോഭണങ്ങൾക്ക് ശക്തിയും പിന്തുണയും ഉത്തേജനവും നൽകിക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ മൂർച്ചയേറിയ തൂലികയിൽ നിന്നു നിർഗളം പ്രവഹിച്ചുകൊണ്ടിരുന്ന പത്രാധിപ ലേഖനങ്ങൾ ജനകീയ പ്രബുദ്ധതയെ മുന്നോട്ടു ത്വരിപ്പിച്ചുകൊണ്ടിരുന്നു.

### കെ. സുകുമാരൻ

തിരുവിതാംകൂർ രാജ്യത്തെ പരിവർത്തനങ്ങളുടെ സംവിധാനത്തിലും ശില്പവേലയിലും ഏർപ്പെട്ടിരുന്നവരിൽ അദ്വിതീയനാണ് മാമ്മൻ മാപ്പിള. പത്രപ്രവർത്തനം ജീവിതവൃത്തിയായി സ്വീകരിക്കാൻ എന്റെ പിതാവ് സി.വി. കുഞ്ഞുരാമനും എനിക്കും പ്രചോദനവും പ്രേരണയും നൽകിയത് ഒരു പ്രകാരത്തിൽ മാമ്മൻ മാപ്പിളയായിരുന്നു.

### കെ. പി. കേശവമേനോൻ

മാമ്മൻമാപ്പിള അത്യുന്നതനായ പത്രാധിപർമാത്രമായിരുന്നില്ല. ഒരു നിർണായക ഘട്ടത്തിൽ, സജീവരാഷ്ട്രീയത്തിൽ പ്രവേശിച്ച് സ്വാതന്ത്ര്യത്തിനും ഉത്തരവാദിത്ത ഭരണത്തിനും വേണ്ടി പുരോഗമന രാഷ്ട്രീയകക്ഷികളോടു ചേർന്നു സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാനും അദ്ദേഹം മടിച്ചില്ല. അതിനുവേണ്ടി ജയിൽശിക്ഷയും അനുഭവിച്ചു.

### ജോസഫ് മുണ്ടശ്ശേരി

തിരുവിതാംകൂറിലെ സ്വാതന്ത്ര്യസമര കാലത്ത് എല്ലാവരുടെയും കേന്ദ്രമായിരുന്നു മനോരമ ഓഫിസ്. അന്നു രാഷ്ട്രീയരംഗത്ത് പ്രവർത്തിച്ചിരുന്ന വലിയവരും ചെറിയവരുമായ അനേകംപേർ മാമ്മൻ മാപ്പിളയുടെ വസതിയിൽ വന്നിട്ടുണ്ട്, താമസിച്ചിട്ടുണ്ട്. സി. പി. രാമസ്വാമി അയ്യർ അദ്ദേഹത്തിന്റെ എല്ലാ സ്ഥാപനങ്ങളും അടിച്ചുടയ്ക്കുകയും മിക്കവാറും രോഗിയായിരുന്ന അദ്ദേഹത്തെ ജയിലിൽ അടയ്ക്കുകയും ചെയ്തു. കുറേക്കാലം കഴിഞ്ഞു മദ്രാസിൽ വച്ചു ഞാൻ സി. പി. രാമസ്വാമി അയ്യരെ കണ്ടപ്പോൾ കെ. സി. മാമ്മൻ മാപ്പിളയുടെ പേരൊന്നു പറഞ്ഞുപോയി. ഞാൻ പ്രതീക്ഷിക്കാത്തതരത്തിൽ സി. പി. അദ്ദേഹത്തെക്കുറിച്ചു പറഞ്ഞത്, 'He was a giant' എന്നാണ്. എന്ത് അർഥഗർഭമായ ഒരു പ്രസ്താവനയായിരുന്നു അത്! ശത്രുവിനുപോലും അദ്ദേഹത്തിന്റെ കഴിവിൽ മതിപ്പുണ്ടായിരുന്നു.

## കെ.ആർ. നാരായണൻ

മനോരമ അടച്ചുപൂട്ടിയ ദിവസം കുട്ടുകാരുമായി വന്നു ഞാൻ നോക്കി. വലിയ താഴിട്ടു പൂട്ടിയിരിക്കുന്നു. രണ്ടുമൂന്നു പൊലീസുകാരും പാറാവിനുണ്ട്. ആ ഓർമ ഇന്നും ഹൃദയത്തിൽനിന്നു മാറ്റിവയ്ക്കാൻ പറ്റാത്തതാണ്. ജയിലിൽ മാമ്മൻ മാപ്പിള സഹിച്ച ത്യാഗങ്ങൾ കേരളീയർക്കെല്ലാം അറിയാം. പ്രതിസന്ധികൾക്കൊന്നും അദ്ദേഹത്തെ തകർക്കാൻ കഴിഞ്ഞില്ല. മാമ്മൻ മാപ്പിള ഒരു ജയന്റാണെന്നു പിന്നീടു മദ്രാസിൽ സി.പി. പറഞ്ഞു. മലയാള മനോരമയെ തകർക്കാൻ മഹാപരിശ്രമം ചെയ്തിട്ടും വിജയംകിട്ടാതെപോയ സി.പി. നൽകിയ ബഹുമതിയാണിത്.



## മഹാകവി ജി. ശങ്കരക്കുറുപ്പ്

ചരിത്രഗതിമൂലം ഔദ്യോഗികമണ്ഡലത്തിൽ പ്രമാണിമാരുടെ ആധിപത്യം വന്നിരിക്കുന്ന ഒരു കാലഘട്ടത്തിൽ, മുഖത്തുനോക്കി മഹാരാജാവിനെതിരായി സംസാരിക്കാൻ, ഉദ്യോഗസ്ഥൻമാർക്കെതിരായി സംസാരിക്കാൻ, നാവില്ലാതിരുന്ന കാലഘട്ടത്തിൽ ഈ രാജ്യത്തിലെ ജനങ്ങൾക്കുവേണ്ടി സംസാരിക്കാൻ മുന്നോട്ടുവന്ന മാന്യദേഹമാണ് മാമ്മൻ മാപ്പിള.

## പ്രഫ. എം.കെ. സാനു

വിശാലവും ശാസ്ത്രീയവുമായ വീക്ഷണമുണ്ടായിരുന്ന വ്യക്തിയായിരുന്നു കെ.സി. മാമ്മൻ മാപ്പിള. പത്രനടത്തിപ്പായാലും വ്യവസായമായാലും കൃഷിയായാലും ശാസ്ത്രീയമായ കാഴ്ചപ്പാടോടെയാണ് അദ്ദേഹം പ്രവർത്തിച്ചത്. തിരുവിതാംകൂർസ്‌റ്റേറ്റ്കോൺഗ്രസിന്റെ പ്രക്ഷോഭങ്ങൾക്കെല്ലാം പ്രചോദനമായിരുന്നു മാമ്മൻ മാപ്പിളയും മലയാള മനോരമയും. പ്രാദേശികഭേദങ്ങൾക്കും ജാതിമതഭേദങ്ങൾക്കും അതീതമായി പൗരസ്വാതന്ത്ര്യം പുലരണമെന്ന ലക്ഷ്യമാണു മാമ്മൻ മാപ്പിളയെ എപ്പോഴും നയിച്ചിരുന്നത്. വിഭിന്ന മേഖലകളിൽ ഏകകാലത്തു വ്യാപിക്കുകയും അവിടെയെല്ലാം സ്വന്തം വ്യക്തിപ്രഭാവത്തിന്റെ വിശദമുദ്രകൾ അവശേഷിപ്പിക്കുകയും ചെയ്തുകൊണ്ടു കടന്നുപോയ അസാധാരണ ജീവിതം.

## പി.കെ. വാസുദേവൻ നായർ

അസാമാന്യ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു കെ.സി. മാമ്മൻ മാപ്പിള. പല വിഷയങ്ങളിലും ആ മനസ്സ് വേദനിച്ചു. അവശരുടെയും പാവപ്പെട്ടവരുടെയും വേദന പങ്കിട്ടുകൊണ്ടാണ് പല മുഖപ്രസംഗങ്ങളും എഴുതിയത്. അനാചാരങ്ങൾ മാറ്റാനും ദലിത് ജനവിഭാഗങ്ങളുടെ വേദന അകറ്റാനും മാമ്മൻ മാപ്പിള ശക്തമായ ഭാഷയിൽ എഴുതി.

## ഒ.എൻ.വി. കുറുപ്പ്

കേരളത്തിന്റെ നവോത്ഥാനത്തിൽ നേതൃത്വപരവും ശ്രദ്ധേയവുമായ പങ്കുവഹിച്ച വ്യക്തിയാണ് കെ.സി. മാമ്മൻ മാപ്പിള. കേരളത്തിന്റെ മതാതീതമായ പുരോഗമനത്തിന്റെ കഥയാണ് മാമ്മൻ മാപ്പിളയുടെ ജീവിതം. മൂന്നായി മുറിഞ്ഞുകിടന്ന കേരളത്തെ ഭാഷകൊണ്ട് ഒന്നാക്കിത്തീർക്കുകയും സ്വാതന്ത്ര്യലബ്ധിക്കു മുൻപുതന്നെ ഇന്ത്യൻ ജനതയുടെ ഐക്യം ഊട്ടി ഉറപ്പിക്കുകയും ചെയ്ത ചരിത്രവ്യക്തിത്വമാണു കെ.സി. മാമ്മൻ മാപ്പിളയുടേത്.

## ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ

ഏകാധിപത്യത്തിനും ദിവാൻഭരണത്തിനുമെതിരെ ജനകീയ അവകാശങ്ങൾ സ്ഥാപിച്ചെടുക്കാൻ പോരാടിയ ദേശാഭിമാനിയായിരുന്നു കെ.സി. മാമ്മൻ മാപ്പിള. ഭരണഭീകരതയ്ക്ക് അന്ത്യം കാണാൻ ജയിൽശിക്ഷവരെ ഏറ്റുവാങ്ങിയ മാമ്മൻ മാപ്പിളയുടെ ജീവിതം നവകേരളസൃഷ്ടിക്കായുള്ള പോരാട്ടത്തിന്റെ ചരിത്രമാണ്. കേരളവികസനത്തെക്കുറിച്ചു വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്ന ദാർശനികനായിരുന്നു അദ്ദേഹം. കാർഷിക പുരോഗതിയിലൂടെയേ രാജ്യപുരോഗതി സാധ്യമാകൂ എന്നു വിശ്വസിച്ച ആളാണ് മാമ്മൻ മാപ്പിള. വ്യവസായ വികസനത്തിനും ബാങ്കിങ് മേഖലയ്ക്കും ഗണ്യമായ സംഭാവന നൽകി

## യാത്രാമൊഴി




കെ.സി. മാമ്മൻ മാപ്പിളയുടെ ഭൗതികശരീരം വഹിച്ചുകൊണ്ടുള്ള വിലാപയാത്ര കോട്ടയം നഗരത്തിലൂടെ കടന്നുപോവുന്നു. കെ.കെ. റോഡിൽ ഇപ്പോൾ കെ.സി. മാമ്മൻ മാപ്പിള ഹാൾ സ്ഥിതി ചെയ്യുന്നിടത്ത് അന്നുണ്ടായിരുന്ന പാർക്കിനുമുന്നിൽവച്ചാണ് ഈ ഫോട്ടോ എടുത്തത്. മാമ്മൻ മാപ്പിളയുടെ പ്രിയ മിത്രമായിരുന്ന തിരു-കൊച്ചി മുഖ്യമന്ത്രി എ.ജെ. ജോണും മറ്റു മന്ത്രിമാരും ശവമഞ്ചം വഹിച്ച രഥത്തെ അനുഗമിച്ചിരുന്നു.

ഓർത്തഡോക്സ് സഭയുടെ അൽമായ നേതൃസ്മൃതി പരമ്പരയ്ക്കു തുടക്കംകുറിച്ച്, കെ. സി. മാമ്മൻ മാപ്പിളയുടെ അറുപതാം ചരമവാർഷികത്തിൽ 2013 ഡിസംബർ 31ന് നടക്കുന്ന അനുസ്മരണചടങ്ങുമായി ബന്ധപ്പെട്ടു പ്രസിദ്ധീകരിക്കുന്നത്.